"ഭരണഭാഷ- മാതൃഭാഷ"

**<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

പരാമർശം : 1. വനിത ശിശുവികസന ഡയറക്ടറുടെ 12/07/2021 തിയതിയിലെ WCD-E8/16007/2020 നമ്പർ ഉത്തരവ് .
2. സർക്കാർ ഉത്തരവ് സ.ഉ (കൈ) 06/2021/സാനീവ തിയതി 15/02/2021
3. വനിത ശിശുവികസന ഡയറക്ടറുടെ 17/02/2021, 14/07/2021 തിയതികളിലെ WCD/E7/2178/2020 നമ്പർ ഉത്തരവുകൾ.

**<u>ഉത്തരവ് നമ്പർ : WCD-E7/10118/21 തീയതി : 15/07/2021</u>**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. ഇങ്ങനെ സ്ഥാനക്കയറ്റം നൽകുമ്പോൾ വനിതാ സ്ഥാപനങ്ങളിലേക്ക് വനിതാ ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്നും ഇക്കാരണത്താൽ സീനിയോറിറ്റി ലിസ്റ്റിലെ ജൂനിയറായ വനിതാ ജീവനക്കാരെ നിയമിക്കേണ്ടി വരികയാണെങ്കിൽ പ്രസ്തുത നിയമനം കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം തികച്ചും താൽക്കാലികം മാത്രമായിരിക്കുമെന്നും നിലവിലെ നിയമങ്ങൾ പ്രകാരം ആ ജീവനക്കാരുടെ സീനിയോറിറ്റി പ്രകാരമുള്ള അവസരം എത്തുമ്പോൾ മാത്രമേ റഗുലർ പ്രൊമോഷൻ ലഭ്യമാവുകയുള്ളൂ എന്നും ഉത്തരവിലുണ്ട്.

സൂചന(3) ഉത്തരവുകൾ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ നിന്ന് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ശ്രീ.ബിനുറോയ്.എൻ.കെ, ശ്രീമതി.ബിന്ദു.ആർ, ശ്രീമതി.റസിയ.എൻ , ശ്രീ.സൈദലവി.എ, ശ്രീ.വിൻസിംഗ് ആൽബർട്ട്.ഇ.എസ്, ശ്രീ.ഷാനവാസ്.കെ.പി, ശ്രീ.നവാബ്.എ , ശ്രീമതി.ടിൻസി.എം.ടി, ശ്രീ. അത്തുമാൻ കുട്ടി എന്നിവർക്ക് സ്ഥാനക്കയറ്റം നൽകിയത് മുഖേനയും ശ്രീമതി. ബിന്ദു.കെ.കെ 31/03/2021 തിയതിയിൽ മരണപ്പെട്ടതു മുഖേനയും ശ്രീമതി.മഞ്ജു.ആർ.നായർ ഡെപ്യൂട്ടേഷനിൽ പോയതു മുഖേനയും ആകെ പതിനൊന്ന് ഒഴിവുകൾ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ നിലവിലുണ്ട്. ഒഴിവുകൾ നിലവിലുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗവ. ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം(രണ്ട് ഒഴിവുകൾ)
2) ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം. (രണ്ട് ഒഴിവുകൾ)
3) ഗവ.ചിൽഡ്രൻസ് ഹോം,കോട്ടയം
4) ഗവ.മഹിളാ മന്ദിരം, പാലക്കാട്. (വനിതാ സ്ഥാപനം)
5) ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്(വനിതാ സ്ഥാപനം)
6) ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ് ), കോഴിക്കോട്. (വനിതാ സ്ഥാപനം)

7) ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കണ്ണൂർ.
8) ഗവ.മഹിളാ മന്ദിരം, കണ്ണൂർ. (വനിതാ സ്ഥാപനം)
9) ഗവ.മഹിളാ മന്ദിരം , കാസർകോട്(വനിതാ സ്ഥാപനം)

സൂചന(3) പ്രകാരം ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിലെ ക്രമ നമ്പർ (1) ആയ ശ്രീ.സിദ്ദീഖ്.പി.എം ശൂന്യവേതനാവധിയിലായതിനാലും ക്രമ നമ്പർ (2) ആയ ശ്രീ.ജേക്കബ് തോമസ് 31/05/2021 തിയതിയിൽ വിരമിച്ചതിനാലും ക്രമ നമ്പർ (3) മുതൽ (8 ) വരെയുള്ള ചുവടെ പറയുന്ന ജീവനക്കാർ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലുള്ള 6 ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരാണ്.

ക്രമ നമ്പർ (3) ശ്രീ.കെ.പി.അഹമ്മദ് കബീർ
ക്രമ നമ്പർ (4) ശ്രീ.അബ്ദുറഹിമാൻ പുതുക്കുടി
ക്രമ നമ്പർ (5) ശ്രീ.എം. അബൂബേക്കർ
ക്രമ നമ്പർ (6) ശ്രീ. കുഞ്ഞഹമ്മദ് കോഴക്കോട്ട്
ക്രമ നമ്പർ (7) ശ്രീ.എസ്.എം.റെഫി
ക്രമ നമ്പർ (8) ശ്രീ.റ്റി.സി.ജേക്കബ്

പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് I റൂൾ28 എ(1) പ്രകാരം റീ ഫിക്സേഷൻ ആനുകൂല്യത്തോടെ 39300-83000/- ശമ്പള സ്കെയിലിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

**<u>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം</u>**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.കെ.പി.അഹമ്മദ് കബീർ<br>കെയർടേക്കർ(മെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം, കാസർകോട്. | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കണ്ണൂർ. |
| 2 | ശ്രീ.അബ്ദുറഹിമാൻ പുതുക്കുടി<br>കെയർടേക്കർ(മെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കോഴിക്കോട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം,കോട്ടയം |
| 3 | ശ്രീ.എം. അബൂബേക്കർ<br>കെയർടേക്കർ(മെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കോഴിക്കോട്. | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ. ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം |
| 4 | ശ്രീ. കുഞ്ഞഹമ്മദ് കോഴക്കോട്ട്<br>കെയർടേക്കർ(മെയിൽ)<br>ഗവ.ഒബ്സർവേഷൻ ഹോം(ബോയ്സ് ), കോഴിക്കോട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ. ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം |
| 5 | ശ്രീ.എസ്.എം.റെഫി<br>കെയർടേക്കർ(മെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കോഴിക്കോട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം |
| 6 | ശ്രീ.റ്റി.സി.ജേക്കബ്<br>കെയർടേക്കർ(മെയിൽ)<br>ഗവ.ഒബ്സർവേഷൻ ഹോം, കൊല്ലം | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം |

നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. ഇങ്ങനെ സ്ഥാനക്കയറ്റം നൽകുമ്പോൾ വനിതാ സ്ഥാപനങ്ങളിലേക്ക് വനിതാ ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്നും ഇക്കാരണത്താൽ സീനിയോറിറ്റി ലിസ്റ്റിലെ ജൂനിയറായ വനിതാ ജീവനക്കാരെ നിയമിക്കേണ്ടി വരികയാണെങ്കിൽ പ്രസ്തുത നിയമനം കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം തികച്ചും താൽക്കാലികം മാത്രമായിരിക്കുമെന്നും നിലവിലെ നിയമങ്ങൾ പ്രകാരം ആ ജീവനക്കാരുടെ സീനിയോറിറ്റി പ്രകാരമുള്ള അവസരം എത്തുമ്പോൾ മാത്രമേ റഗുലർ പ്രൊമോഷൻ ലഭ്യമാവുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ഒഴിവുള്ള 5 വനിതാ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ സീനിയറായ വനിതാ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ ചുവടെ പറയും പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ജൂനിയറായ വനിതാ ജീവനക്കാരെ പരിഗണിക്കാവുന്നതാണ്.

ക്രമ നമ്പർ (28) ശ്രീമതി.എസ്.സുഗന്ധി
ക്രമ നമ്പർ (29) ശ്രീമതി.ബി.നിഷ
ക്രമ നമ്പർ (30) ശ്രീമതി. ഷൈനി സുകുമാരൻ
ക്രമ നമ്പർ (32) ശ്രീമതി ആർ.സൗമ്യ
ക്രമ നമ്പർ (35) ശ്രീമതി.സി.എസ്.ഗീത
ക്രമ നമ്പർ (36) ശ്രീമതി.എം. ഷീജ

മേൽപറഞ്ഞ ലിസ്റ്റിലെ ക്രമ നമ്പർ(32) ആർ.സൗമ്യ നിലവിൽ താൽക്കാലിക ഉദ്യോഗക്കയറ്റം മുഖേന വുമൺ പ്രൊട്ടക്ഷൻ ഓഫീസറായി സേവനം അനുഷ്ഠിക്കുന്നതിനാലും ക്രമ നമ്പർ (36) ശ്രീമതി.എം.ഷീജ അച്ചടക്ക നടപടി നേരിടുന്നതിനാലും താൽക്കാലിക നിയമനത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ശ്രീമതി.എം.ഷീജയുടെ അച്ചടക്ക നടപടി തീർപ്പാക്കുന്നത് വരെ ഒരു വേക്കൻസി നിലനിർത്തിക്കൊണ്ടും ക്രമനമ്പർ(28), (29), (30), (35) എന്നിവരെ ഉൾപ്പെടുത്തി ചുവടെ പറയും പ്രകാരം കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം റീ ഫിക്സേഷൻ ആനുകൂല്യത്തോടെ 39300-83000/- ശമ്പള സ്കെയിലിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ഈ നിയമനം തികച്ചും താൽക്കാലികം മാത്രമായിരിക്കുമെന്നും നിലവിലെ നിയമങ്ങൾ പ്രകാരം പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി പ്രകാരമുള്ള അവസരം എത്തുമ്പോൾ മാത്രമേ റഗുലർ പ്രൊമോഷൻ ലഭ്യമാവുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

**ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള താൽക്കാലിക ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.എസ്.സുഗന്ധി<br>കെയർടേക്കർ(ഫീമെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് |
| 2 | ശ്രീമതി.ബി.നിഷ<br>കെയർടേക്കർ(ഫീമെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ് ),<br>കോഴിക്കോട് |

| | | |
|---|---|---|
| 3 | ശ്രീമതി. ഷൈനി സുകുമാരൻ<br>കെയർടേക്കർ(ഫീമെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്), എറണാകുളം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം , കാസർകോട് |
| 4 | ശ്രീമതി.സി.എസ്.ഗീത<br>ഗവ.ചിൽഡ്രൻസ് ഹോം, പത്തനംതിട്ട | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം, പാലക്കാട് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

2021 ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്